പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1464

05.12.2014-ൽ മറുപടിക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഷിക പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മാത്യു.റ്റി.തോമസ്<br>ശ്രീ.ജോസ് തെറ്റയിൽ<br>ശ്രീ.സി.കെ.നാണു<br>ശ്രീമതി.ജമീല പ്രകാശം | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഷിക പദ്ധതി പ്രവർത്തനങ്ങൾ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര ശതമാനം പൂർത്തിയാക്കിയെന്ന് വിശദമാക്കുമോ ; | എ) ലഭ്യമായ താൽക്കാലിക കണക്കനുസരിച്ച് 77.46 ശതമാനം പൂർത്തിയാക്കി. |
| ബി) പദ്ധതികൾ അംഗീകരിച്ചു നൽകുന്നതിൽ വന്ന കാലതാമസമാണ് നിർവ്വഹണം വൈകിപ്പിച്ചത് എന്ന ആക്ഷേപം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നു വിശദമാക്കാമോ ; | ബി) മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി 2013-14-ൽ പദ്ധതി അംഗീകാര നടപടികൾ വേഗത്തിലായിരുന്നു. 2013-14 വർഷത്തെ പദ്ധതി അംഗീകാര നടപടികൾ ജൂൺ മാസത്തിൽ പൂർത്തിയായതിനാൽ നിർവ്വഹണത്തിന് 9 മാസത്തോളം സമയം ലഭിച്ചിരുന്നു.<br>2014-15 വർഷത്തെ പദ്ധതി അംഗീകാര നടപടികൾ 2013-14 സാമ്പത്തിക വർഷം പൂർത്തിയാക്കണമെന്ന ഉദ്ദേശത്തോടെ മാർഗ്ഗരേഖ 16.11.2013 ൽ പുറപ്പെടുവിച്ചിരുന്നു. എന്നാൽ ലോകസഭാ പൊതു തെരഞ്ഞെടുപ്പ് കാരണം പദ്ധതി അംഗീകാര |

നടപടികളിൽ കാലതാമസം നേരിട്ടു. എങ്കിലും 2014 ജൂലൈ മാസത്തിൽ അംഗീകാര നടപടികൾ പൂർത്തീകരിച്ചതു കാരണം നിർവ്വഹണത്തിനായി 8 മാസത്തോളം ലഭിക്കുന്നതാണ്.

| | | | |
|---|---|---|---|
| സി) | സ്പിൽ ഓവർ വർക്കുകൾ പൂർത്തീകരിക്കുവാൻ നീട്ടി നൽകിയ കാലാവധിക്കുള്ളിൽ എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇത് പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | സി) | 2014 ഡിസംബർ 31 വരെ സമയം നൽകിയിട്ടുണ്ട്. അതിനാൽ 31.12.2014-ന് ശേഷമെ കണക്കുകൾ ലഭ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ